I/111547/2023

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/477/2023(1)-B1** തീയതി :17-08-2023

ഭരണഭാഷ – മാതൃഭാഷ

## ഓവർസീസ് സ്കോളർഷിപ്പ് 2023-24

## <u>വിജ്ഞാപനം</u>

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിൽ ഉൾപ്പെട്ട ഉന്നത പഠനം നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/ സോഷ്യൽ സയൻസ്/ നിയമം/ മാനേജ്മെൻറ് എന്നീ വിഷയങ്ങളിൽ ഉപരിപഠനം ( PG/Ph.D) നടത്തുന്നതിനുള്ള അവസരം ഒരുക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അവസാന തീയതി 15.9.2023.

<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. അപേക്ഷകൻ/അപേക്ഷക കേരളീയനായിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.

3. ഓവർസീസ് സ്കോളർഷിപ്പിന് ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേനയുള്ള ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കൂ. അപേക്ഷയുടെ പ്രിന്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ സമർപ്പിക്കേണ്ടതില്ല.

4. 60 ശതമാനം മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. ബിരുദം നേടിയിട്ടുള്ള വിഷയത്തിലോ ആയതുമായി ബന്ധപ്പെട്ട വിഷയത്തിലോ ഉപരിപഠനം നടത്തുന്നവരെ മാത്രമാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. Ph.D കോഴ്സിന് അപേക്ഷിക്കുന്നവർക്ക് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം.

5. വിദേശത്ത് ബിരുദാനന്തര ബിരുദം പഠിക്കുന്നവർ ബിരുദത്തിനു ശേഷം മറ്റു ബിരുദാനന്തര ബിരുദങ്ങളൊന്നും നേടിയിട്ടില്ലാ എന്നുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം upload ചെയ്യേണ്ടതാണ്. (മാതൃക അനുബന്ധമായി ചേർക്കുന്നു)

6. ബിരുദം/ബിരുദാനന്തര ബിരുദം പൂർത്തീകരിച്ചതിന്റെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത മാർക്ക് ലിസ്റ്റിൽ മാർക്കിന്റെ ശതമാനം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ശതമാനം രേഖപ്പെടുത്തിയ സാക്ഷ്യപത്രം കൂടി അപ് ലോഡ് ചെയ്യേണ്ടതാണ്.

7. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായം 01.08.2023 അടിസ്ഥാനമാക്കി 40 വയസ്സിൽ

താഴെയായിരിക്കണം.

8. അപേക്ഷകൻ/അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.

9. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് ആവശ്യമാണ്.

10. ഒരേ രക്ഷകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.

11. മുൻ വർഷങ്ങളിൽ അപേക്ഷകനോ അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിലുള്ള മറ്റ് സഹോദരങ്ങൾക്കോ ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ അപേക്ഷിക്കേണ്ടതില്ല.

12. അപേക്ഷകൻ സ്വന്തം ഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ നേടേണ്ടതാണ്.

13. ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിങ് പ്രകാരമുള്ള ആദ്യ 600 യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കൂ. യൂണിവേഴ്സിറ്റികളുടെ ലിസ്റ്റ് www.bcdd.kerala.gov.in, www.egrantz.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

14. ആദ്യ 200 റാങ്കിൽ ഉൾപ്പെട്ട യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന/ജീവിത ചെലവ് അടിസ്ഥാനമാക്കി പരമാവധി 10 ലക്ഷം രൂപയും, 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റി തെരഞ്ഞെടുത്ത് പഠനം നടത്തുന്നവർക്ക് വിദേശ പഠന / ജീവിത ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപയും സ്കോളർഷിപ്പ് അർഹതയ്ക്ക് വിധേയമായി അനുവദിക്കുന്നതാണ്.

15. സ്കോളർഷിപ്പിന് തെരഞ്ഞെടുത്തതിന് ശേഷം കോഴ്സോ പഠന കേന്ദ്രമോ മാറാൻ പാടില്ല.

16. സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചുകൊണ്ടുള്ള കത്തിന്റെ തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടി പഠനം ആരംഭിച്ചിരിക്കണം. അല്ലാത്തപക്ഷം സ്കോളർഷിപ്പ് റദ്ദ് ചെയ്യുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് പിന്നീട് ലഭ്യമാകുന്ന യാതൊരുവിധ അപേക്ഷകളും പരിഗണിക്കുന്നതല്ല.

17. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി കോഴ്സ് പൂർത്തീകരിച്ചു കൊള്ളാമെന്നും അല്ലാത്തപക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ട പ്രകാരം തിരിച്ചടച്ചു കൊള്ളാമെന്നുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

18. കോഴ്സുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ നിന്നോ മറ്റ് സർക്കാർ/അർദ്ധ സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം upload ചെയ്യേണ്ടതാണ്. ഇത്തരത്തിൽ സ്കോളർഷിപ്പ്/ധനസഹായം ലഭിക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ടാൽ ആയത് സംബന്ധിച്ച രേഖകളുടെ കൂടി അടിസ്ഥാനത്തിൽ വകുപ്പ് നിശ്ചയിക്കുന്ന തുക മാത്രമേ സ്കോളർഷിപ്പ് ആയി അനുവദിക്കുകയുള്ളൂ.

19. കോഴ്സ് ഫീ, മെയിന്റനൻസ് അലവൻസ് തുടങ്ങിയ ഇനങ്ങളിൽ മറ്റ് സ്രോതസുകളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെങ്കിൽ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

20. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് അനുവദിക്കണമെന്നില്ല. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ട് പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതി അർഹരായ ഗുണഭോക്താക്കളെ

തെരഞ്ഞെടുക്കുന്നതാണ്.

21. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ അപേക്ഷകരുടെ എണ്ണം അധികരിക്കുന്ന പക്ഷം ഇതിനകം ഒരു ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ളതും വിദേശത്ത് മറ്റൊരു ബിരുദാനന്തര ബിരുദ പഠനം നടത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകരെ ഒഴിവാക്കുന്നതിന് ടി സമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

22. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധമായ വിഷയങ്ങളിൽ പ്രസ്തുത സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

വിശ്വസ്തതയോടെ,

K.GOPALAKRISHNAN IAS
DIRECTOR

പകർപ്പ് :

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി – പി.വി.വി.വ, (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശ മേൽ
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരി പത്രം സഹിതം)
4. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ-ഇ-ഗ്രാന്റ്സ്
6. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ-പി.വി.വി.വ, കൊല്ലം,എറണാകുളം,പാലക്കാട്,കോഴിക്കോട്
7. നോട്ടീസ് ബോർഡ്,പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്
8. കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rakhi P R
Date: 17-08-2023 15:01:33
Reason: Approved

സീനിയർ സൂപ്രണ്ട്

# DECLARATION /UNDERTAKING FROM THE STUDENT

**I, ------------------------------------------------------------------------------------------ ------------------------- (Address) hereby declare that, the application form submitted by me for getting Overseas Scholarship, for my PG Programme in ------------------------------------------------------ (Course) at ---------- ---------------------------------- (University), is my 1st Post Graduation. I have not done any other Post Graduation course after my Under Graduation. I undertake, that if at any stage, it is found to the satisfaction of the sanctioning authority that the information given by me is false or if I violate the terms and conditions of the scholarship, the scholarship sanctioned to me, may be cancelled and the entire amount of scholarship will be refunded with interest by me or recovered from me, apart from liability for such penal action as warranted by law.**

Date: Signature of the Candidate

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## ഓവർസീസ് സ്കോളർഷിപ്പ് – ഇ ഗ്രാന്റ്സ് 3.0 പോർട്ടലിൽ ഓൺ ലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ

*(ഡാറ്റാ എൻട്രി നടത്തുന്നതിന് മുൻപായി അപേക്ഷകൻ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ കൈപ്പറ്റിയിരിക്കണം)*

- *www.egrantz.kerala.gov.in* എന്ന വെബ്സൈറ്റ് മുഖേന One Time Registration നടപടി ക്രമങ്ങൾ ആധാർ നമ്പർ ഉപയോഗിച്ച് പൂർത്തിയാക്കുക. (Opt Educational Scheme)
- മുൻവർഷങ്ങളിലെ വിദ്യാഭ്യാസാനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് ഇ-ഗ്രാന്റ്സ് 3.0 പോർട്ടലിൽ One Time Registration നടത്തിയിട്ടുള്ളവർ നിലവിലുള്ള യൂസർ ഐഡി, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്താൽ മതിയാവും. വീണ്ടും One Time Registration ന് ശ്രമിക്കേണ്ടതില്ല.

### ഡാറ്റാ എൻട്രി നടത്തുന്നതിനായി അപേക്ഷകൻ കരുതേണ്ട രേഖകൾ

(വെബ്സൈറ്റിൽ Upload ചെയ്യുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ സ്കാൻ ചെയ്ത് സൂക്ഷിക്കുക.)

- Passport Size Photo (Format – jpg, Size - less than 100kb)
- Bank Passbook (Format – pdf, Size - less than 100kb)
- Certificates of Educational Qualifications
- Caste Certificate
- Income Certificate
- Offer Letter/Admission Letter received from University (Conditional/Non Conditional)
- Testimonial From any of two Referees (Recommendation Letter)

(Format – pdf, Size - less than 200kb)

- One Time Registration ശേഷം തുടർന്ന് വരുന്ന ലോഗിൻ പേജിൽ email id/aadhaar no & password ഉപയോഗിച്ച് Sign in ചെയ്യുക.
- Profile Details (5 Steps) മുഴുവനായും പൂരിപ്പിച്ച് നൽകുക.
  i. Step 1 ൽ Present Address ൽ തുടർന്നുള്ള കത്തിടപാടുകൾ നടത്തുന്നതിനായുള്ള വിലാസം രേഖപ്പെടുത്തുക. (വിദേശത്തെ വിലാസമല്ല രേഖപ്പെടുത്തേണ്ടത്)
  ii. Step 3 ൽ അപേക്ഷകന്റെ പേരിലുള്ള കേരളത്തിലെ ബാങ്ക് അക്കൗണ്ട് വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്.
  iii. Step 5 ൽ On-going Student എന്നത് Opt ചെയ്ത് Institution Location എന്നത് Outside india തെരഞ്ഞെടുത്ത് തുടർന്നുള്ള വിവരങ്ങൾ പൂരിപ്പിക്കുക.

- ശേഷം Add Qualification എന്നത് സെലക്ട് ചെയ്ത് എസ്.എസ്.എൽ.സി തലം മുതലുള്ള വിദ്യാഭ്യാസ യോഗ്യതകൾ ഓരോന്നായി ചേർക്കുക. (ഒരെണ്ണം ചേർത്തതിന് ശേഷം അടുത്ത കോഴ്സിന് വീണ്ടും അതേ ഓപ്ഷൻ തന്നെ ഉപയോഗിക്കുക)
- Qualifications ചേർത്തതിനു ശേഷം Apply for Scholarships – Post Matric എന്നത് സെലക്ട് ചെയ്യുക.
- തുടർന്ന് ഓവർസീസ് സ്കോളർഷിപ്പ് തെരഞ്ഞെടുത്ത് തുടർന്നുള്ള വിവരങ്ങൾ പൂരിപ്പിച്ച് നൽകുക.
- ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന കൈപ്പറ്റിയ ജാതി/വരുമാന സർട്ടിഫിക്കറ്റുകളുടെ നമ്പർ, സെക്യൂരിറ്റി കോഡ് എന്നിവ എന്റർ ചെയ്ത് Validate ചെയ്യുക.
- തുടർന്നുള്ള പേജുകൾ പൂർണ്ണമായും പൂരിപ്പിച്ച് നൽകുക.
- ഡാറ്റാ എൻട്രി പൂർത്തിയാക്കിയ ശേഷം Application Preview പരിശോധിച്ച് ഉറപ്പ് വരുത്തുക.
- ശേഷം Application Download ചെയ്ത് Print എടുത്ത് അപേക്ഷകന്റെ ഒപ്പ്, രക്ഷാകർത്താവിന്റെ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തി വീണ്ടും Upload ചെയ്യേണ്ടതാണ്.
- തുടർന്ന് Submit Application ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക.
- അപേക്ഷയുടെ പ്രിന്റ് ഔട്ട്, upload ചെയ്ത രേഖകൾ തുടങ്ങിയവ വകുപ്പിൽ നേരിട്ടോ,തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതില്ല.
- അപേക്ഷയുടെ സ്റ്റാറ്റസ് ഇ-ഗ്രാന്റ്സ് 3.0 ഹോം പേജിൽ Track Application മുഖാന്തിരം പരിശോധിക്കാവുന്നതാണ്.
- ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് **egrantz3.0helpline2@gmail.com** എന്ന വിലാസത്തിൽ സന്ദേശം അയക്കുക.

*********************